**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 752 | 23..07.2012-ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) പെൺകുട്ടികളെ പട്ടാപ്പകൽ തട്ടികൊണ്ടു പോകുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ തലസ്ഥാനനഗരിയിൽ ഉൾപ്പെടെ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങളുടെ എണ്ണം മറ്റെന്നത്തെക്കാളും ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എ) & (ബി) പെൺകുട്ടികളെ പട്ടാപ്പകൽ തട്ടികൊണ്ടുപോകുന്നതും ആക്രമിക്കുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻകാലങ്ങളിൽ സ്ത്രീകൾ അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പരാതികൾ നൽകുവാൻ വിമുഖത കാണിച്ചിരുന്നു. അഭിമാനക്ഷതം, അപകർഷതാബോധം, സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുമെന്നുള്ള തെറ്റായ തോന്നൽ , കുടുംബത്തിന്റെ സുരക്ഷിതത്വം എന്നിങ്ങനെയുള്ള കാരണങ്ങളാലാണ് തനിക്ക് നേരെയുണ്ടായ അതിക്രമങ്ങൾ തുറന്നു പറഞ്ഞ് അതിന്മേൽ പരാതി നൽകുന്നതിൽ നിന്നും ഭൂരിഭാഗം സ്ത്രീകളെയും പിന്തിരിപ്പിച്ചിരുന്നത്. ഇത്തരമൊരു അവസ്ഥയിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം കുറവായിരുന്നു. എന്നാൽ മാറിയ സാമൂഹ്യ അന്തരീക്ഷത്തിൽ വിദ്യാഭ്യാസപരമായി മുന്നിലെത്തിയ കേരളത്തിലെ സ്ത്രീ സമൂഹം അവർക്കെതിരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് ബോധവതികളാവുകയും ചെറുതും വലുതുമായ കുറ്റകൃത്യങ്ങളിൽപ്പോലും നിയമപരമായി പ്രതികരിക്കാൻ തുടങ്ങിയതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സ്ത്രീകളുടെ വർദ്ധിച്ച നിയമ സാക്ഷരത, താരതമ്യേന പോലീസ് സ്റ്റേഷനിലേയ്ക്കുള്ള ദൂര കുറവ്, പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുവാനുള്ള വർദ്ധിച്ച സൗകര്യം, സ്ത്രീകളുടെ വർദ്ധിച്ച രാഷ്ട്രീയ അവകാശബോധം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലുള്ള പോലീസ് പൊതു ജന സൗഹൃദം എന്നിവ കാരണം സമൂഹത്തിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ചെറിയ കുറ്റകൃത്യങ്ങൾ പോലും നേരിട്ട് പോലീസിനെ അറിയിക്കുന്നു എന്നതിനാൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ ആകെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഓരോ വർഷവും ഉണ്ടാകുന്നത്

സ്ത്രീകൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലായി സമൂഹത്തിൽ ഇടപഴകേണ്ടതായി വരുന്ന സന്ദർഭങ്ങളിൽ ചെറുതും , വലുതുമായി പലതരത്തിലുള്ള അതിക്രമങ്ങൾക്ക് വിധേയരാകാറുണ്ട്. യുവാക്കൾക്കിടയിലുള്ള മദ്യത്തിന്റെയും, മയക്കമരുന്നിന്റെയും അമിതമായ ഉപഭോഗവും, ഇന്റർനെറ്റ് , മൊബൈൽ ഫോൺ തുടങ്ങിയവയുടെ ദുരുപയോഗവും ഇത്തരം അതിക്രമങ്ങളുടെ എണ്ണം കൂട്ടുന്നു. കൂടാതെ പോലീസ് രഹസ്യ നിരീക്ഷണം നടത്തി സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങളിന്മേൽ സ്വമേധയാ കേസുകൾ രജിസ്റ്റർ ചെയ്യാറുമുണ്ട്. ഇതിനും പുറമെ മുൻകാലങ്ങളിൽ നടന്ന സംഭവങ്ങളിൽ 2011 ൽ കേസ് രജിസ്റ്റർ ചെയ്യുതും കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതെല്ലാം മുൻകാലങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന് കാരണമായിട്ടുണ്ട്. കൂടാതെ വനിതാ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധാരാളം കേസുകൾ തുടർ നടപടികൾക്കായി പോലീസ് വകുപ്പിന് ലഭിക്കാറുണ്ട്.

കേരളത്തിൽ വൃദ്ധരായ സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കേണ്ടതായി വരുന്ന അവസ്ഥ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ഇത്തരം ഭവനങ്ങൾ കേന്ദ്രീകരിച്ച് മോഷണവും, അതിക്രമങ്ങളും നടക്കാറുണ്ട്. വൃദ്ധജനങ്ങൾക്ക് ഇത്തരം സംഭവങ്ങൾ ഫോണിൽ വിളിച്ച് പരാതിയായി

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തുന്നതിനായി വയോജന ബ്യൂറോകൾ പോലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയിലെല്ലാം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. ഇവയെല്ലാം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണവുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വിശദമാക്കാമോ ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ( 2012 ജൂൺ 30 വരെ) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ സംസ്ഥാനത്തുടനീളം 14445 കേസുകളും കുട്ടികൾക്ക നേരെയുള്ള അതിക്രമങ്ങൾക്കെതിരെ സംസ്ഥാനത്തുടനീളം 1671 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ